## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** | **18.06.2013 ൽ**

**ചോദ്യം നമ്പർ - 2271** | **മറുപടിക്ക്**

# ഐ.സി.എഫ്.ഒ.എസ്.എസ്-ന്റെ സേവനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. ഉമ്മർ** | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് പ്രവർത്തി ക്കുന്ന ഐ.സി.എഫ്.ഒ. എസ്.എസ്-ന്റെ സേവ നങ്ങൾ സംബന്ധിച്ച് വിശ ദാംശം ലഭ്യമാക്കാമോ; | (എ) വിവിധ അന്താരാഷ്ട്ര സ്വതന്ത്ര സോഫ്റ്റ് വെയർ സ്ഥാപനങ്ങളുമായി യോജിച്ചുകൊണ്ട് സ്വതന്ത്ര സോഫ്റ്റ് വെയറിന്റെ പ്രചരണവും വ്യാപനവും നടത്തി കേരളത്തിന്റെ ഇൻഫർമേഷൻ ടെക്നോളജി മേഖലയിലും അനുബന്ധ മേഖലകളിലും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന പ്രധാന ലക്ഷ്യത്തോടുകൂടിയാണ് ഐ.സി.ഫോസ് സ്ഥാപിതമായിട്ടുള്ളത്.<br><br>കൺസൾട്ടൻസി, ട്രെയിനിംഗ്, ഗവേഷണം, അഡ്വോക്കസി, അന്താരാഷ്ട്ര ബന്ധം എന്നിങ്ങനെയുള്ള മേഖലകളിൽ സെമിനാറുകളും വർക്കുഷോപ്പുകളും പോലുള്ള ധാരാളം പ്രോഗ്രാമുകൾ മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നേടുന്നതിനായി ഐ.സി.ഫോസ് നടത്തി വരുന്നു. |
| (ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത സ്ഥാപനം രൂപീ കരിച്ച പുതിയ സോഫ്റ്റ് വെയറുകൾ ഏതെല്ലാമാണ്; ഇവ ഏതെല്ലാം സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട് | (ബി) പാരിസ്ഥിതിക വ്യതിയാനങ്ങൾ മനസ്സിലാക്കി കൃഷി മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന മൊബൈൽ ഫോൺ അടിസ്ഥാനത്തിലുള്ള ഒരു സോഫ്റ്റ്വെയർ ഐ.സി.ഫോസ് രൂപീകരിച്ച് കേരള കാർഷിക സർവ്വകലാശാലയുമായി ബന്ധപ്പെട്ട് നടപ്പാക്കിവരുന്നു.<br><br>വിവിധ പ്രദേശങ്ങളിലുള്ള ഉപയോക്താക്കൾക്ക് ഭൗതിക സൗകര്യങ്ങളെ സംബന്ധിച്ച പ്രാദേശിക അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിക്കുകയും അതോടൊപ്പം തന്നെ അവയുടെ സ്ഥാനവും അതിനെ സംബന്ധിക്കുന്ന മറ്റു വിവരങ്ങളും ഒരു കേന്ദ്ര നിക്ഷേപത്തിലാക്കുകയും, ആവശ്യമുള്ളപ്പോൾ വിവിധതരം സർച്ചു കളിലൂടെ |

വിവരങ്ങളെ വെബ് വഴി തിരിച്ചെടുക്കാനും സാധിക്കുന്ന തരത്തിൽ സ്മാർട്ട് ഫോൺ അടിസ്ഥാനമാക്കിയുള്ള "ഫീൽഡ് ലവൽ അസറ്റ് മാപ്പിങ്ങ് ടൂൾ" എന്ന ഒരു സോഫറ്റ് വെയർ ഐ.സി.ഫോസ് നിർമ്മിച്ച് കേരള ലാന്റ് യൂസ് ബോർഡുമായി സഹകരിച്ചു നടപ്പാക്കിവരുന്നു.

കാർഷികാവശ്യങ്ങൾക്കായി മഴ, മണ്ണിലെ അമ്ലാംശം, താപനില, ഹുമിഡിറ്റി എന്നിവയുടെ വിവരങ്ങൾ, മൊബൈൽ നെറ്റ് വർക്കിലൂടെ കർഷകർക്ക് നൽകുന്നതിനായി കൃഷി വകുപ്പിലെ സാങ്കേതിക വിദഗ്ദ്ധർക്ക് ലഭ്യമാകത്തക്ക രീതിയിൽ സാങ്കേതിക വിദ്യ ലഭിക്കുന്നതിനുള്ള ഒരു സോഫ്റ്റ്വെയർ ഐ.സി.ഫോസ് കേരള കാർഷിക സർവ്വകലാശാലയുമായി ചേർന്ന് നിർമ്മിച്ചിട്ടുണ്ട്. അതിന്റെ ഫീൽഡ് ടെസ്റ്റ് വിവിധ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പാക്കിവരുന്നു.

കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കി വരുന്ന അഡീഷണൽ സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാമിനു വേണ്ടി പൈലറ്റ് സ്റ്റഡി നടത്തുന്നതിനും അതിന്റെ ഫീഡ്ബാക്ക് ക്രോഡീകരിക്കാനുമുള്ള വെബ് അടിസ്ഥാന മാക്കിയ ഒരു സോഫ്റ്റ്വെയർ ഐ.സി. ഫോസ് നിർമ്മിച്ചു നൽകിയിട്ടുണ്ട്.

(സി) ഈ സ്ഥാപനത്തിലെ ജീവന ക്കാരുടെ പാറ്റേണും നിയമന വിവരവും സംബന്ധിച്ച വിശ ദാംശം ലഭ്യമാക്കുമോ;

(സി) ഐ.സി.ഫോസ് ഡയറക്ടർ കരാറടി സ്ഥാനത്തിലാണ് നിയമിക്കപ്പെട്ടിട്ടുള്ളത്. എം പാനൽ ചെയ്യപ്പെട്ടിട്ടുള്ള ഏജൻസികൾ കരാർ അടിസ്ഥാനത്തിൽ നൽകുന്ന താൽക്കാലിക ജീവനക്കാരുടെ സേവനം ഉപയോഗിച്ചാണ് ഇപ്പോൾ ഐ.സി.ഫോസ് പ്രവർത്തിക്കുന്നത്.

(ഡി) പ്രസ്തുത സ്ഥാപനത്തിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരെ സ്ഥിരപ്പെടു ത്തുന്ന കാര്യം പരിഗണ നയിലുണ്ടോ; വിശദവിവരം നൽകുമോ?

(ഡി) ഐ.സി.ഫോസിൽ കരാറടിസ്ഥാനത്തിൽ സേവന മനുഷ്ഠിക്കുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താനുള്ള ഒരു പദ്ധതിയും ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ.